(സി) ജനവാസ കേന്ദ്രത്തിൽ ആന ഇറങ്ങുന്നത് തടയുന്നതിന് കാസർഗോഡ് ഡിവിഷനിൽ 2013-14 വർഷത്തിൽ 18.19 ലക്ഷം രൂപ ചെലവിൽ 17 കി.മീ. സോളാർ ഫെൻസിംഗ് നിർമ്മിക്കുകയുണ്ടായി. ഈ വർഷം 36 ലക്ഷം രൂപ ചെലവിൽ സോളാർ ഫെൻസിംഗ് നടത്തുന്നതിനും 4 ലക്ഷം രൂപ ചെലവിൽ സോളാർ ഫെൻസിംഗ് അറ്റകുറ്റപ്പണി നടത്തുന്നതിനും ഉള്ള ടെണ്ടർ ക്ഷണിക്കുകയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വരികയുമാണ്.

ഇക്കോടൂറിസം പദ്ധതി

298 (2173) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വീയപുരം തടി ഡിപ്പോയോടനുബന്ധിച്ച് ഇക്കോടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

വീയപുരം തടി ഡിപ്പോയോടനുബന്ധിച്ച് ഇക്കോ ടൂറിസം പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിരുന്നു. എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം ഈ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടില്ല. .

സ്റ്റുഡന്റ്സ് അഗ്രികൾച്ചറൽ ഫോറസ്റ്റേഷൻ പ്രോഗ്രാം

299 (2174) ശ്രീ. ആർ. സെൽവരാജ് :

ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിന്റെ നേതൃത്വത്തിൽ സ്റ്റുഡൻസ് അഗ്രികൾച്ചറൽ ഫോറസ്റ്റേഷൻ പ്രോഗ്രാമിന് രൂപം നൽകിയിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സ്കൂൾ കുട്ടികൾക്ക് കൃഷിയിലും വനവൽക്കരണത്തിലും പ്രോത്സാഹനം നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) സ്കൂളുകളിൽ പ്രസ്തുത പ്രോഗ്രാം ഈ അദ്ധ്യയന വർഷം മുതൽ നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) എന്റെ മരം പദ്ധതിയിൽ വൃക്ഷം നട്ടുവളർത്തുന്ന വിദ്യാർത്ഥിക്ക് 10-ാം ക്ലാസ് പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക് നൽകുവാൻ വിഭാവനം ചെയ്തിരുന്ന ടി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. ഭൂമിയെ ഹരിതാഭമാക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി വിദ്യാർത്ഥികളിൽ അവബോധം വളർത്തുക.
2. വ്യക്തിയും ഭൂമിയും തമ്മിലുള്ള ബന്ധം വളർത്തുന്നതിന് സഹായിക്കുക.
3. വൃക്ഷങ്ങൾ നടേണ്ടതിന്റെ ആവശ്യകത വിദ്യാർത്ഥികൾക്ക് ബോദ്ധ്യപ്പെടുത്തുക.
4. കുടുംബത്തിനാവശ്യമായതിന്റെ ഒരു ഭാഗമെങ്കിലും പച്ചക്കറികൾ സ്വയം കൃഷി ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുക.
5. ഹരിതവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി ബന്ധപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുക.

(സി) വിദ്യാർത്ഥികൾക്ക് എന്റെ മരം പദ്ധതിയിൽ ഉൾപ്പെടുത്തി വൃക്ഷത്തൈകൾ സൗജന്യമായി വിതരണം ചെയ്യുക, അവരെക്കൊണ്ട് അത് നട്ടുവളർത്തുന്നതിനും തുടർ പരിപാലനം നടത്തുന്നതിനും വേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകുക, ബന്ധപ്പെട്ട വിദ്യാർത്ഥി 10-ാം ക്ലാസ്സുവരെയും അവയെ പരിപാലിക്കുക, നിരീക്ഷണ ഫലങ്ങൾ ഇക്കാര്യത്തിലേക്ക് പ്രത്യേകം നൽകപ്പെടുന്ന ഡോക്യുമെന്റേഷൻ കാർഡിൽ രേഖപ്പെടുത്തുക, തുടർന്ന് ടി വൃക്ഷങ്ങളുടെ നിലവിലുള്ള അവസ്ഥയെപ്പറ്റി വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന വിലയിരുത്തലിന്മേൽ ആവശ്യമെങ്കിൽ Random Verification നടത്തി ഗ്രേസ് മാർക്ക് നൽകുന്ന പ്രക്രിയയെ സുഗമമാക്കുക എന്നതുമാത്രമാണ് വനം വകുപ്പിന്റെ ഭാഗത്തുനിന്നും ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്.

(ഡി) സ്കൂൾ കുട്ടികൾക്ക് കൃഷിയിലും വനവൽക്കരണത്തിലും പ്രോത്സാഹനം നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

വന്യമൃഗങ്ങൾ നശിപ്പിക്കുന്ന കാർഷിക വിളകൾക്ക് നഷ്ടപരിഹാരം

300 (2175) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന്യമൃഗങ്ങൾ നശിപ്പിക്കുന്ന കാർഷികവിളകൾക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതി നിലവിലുണ്ടോ ;